# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കോഴിക്കോട് ജില്ല

**(പ്രാബല്യം: 02.07.2022 മുതൽ 06.07.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 02.07.2022 മുതൽ 06.07.2022 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 52/2022 | തീയ്യതി: 01/06/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 80.3 | 28.0 – 32.1 | 23.8 – 25.2 | 87 - 98 | 00 - 04 |


### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 02-07-2022 | 03-07-2022 | 04-07-2022 | 05-07-2022 | 06-07-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 18 | 16 | 14 | 31 | 35 |
| കൂടിയ താപനില, °C | 30 | 31 | 31 | 33 | 33 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 8 | 10 | 5 | 6 | 7 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 340 | 320 | 320 | 320 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ടയിടങ്ങളിൽ കനത്തമഴ**** | | |
| | കനത്തമഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.5 മില്ലി വരെ) ലഭിക്കും വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്തയാഴ്ചയും മഴ ലഭിക്കാൻ സാധ്യതയുണ്ട് ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും | | |

<table>
<tr>
<td><u>പൊതു നിർദ്ദേശങ്ങൾ</u></td>
<td colspan="3">
കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പാക്കുക.  വളം ചേർക്കുന്നത് കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക. ജലനിർഗമനചാലുകൾ തുറന്നിടുക.
മണ്ണിടിച്ചലിന് സാധ്യതയുള്ള കുന്നിൻ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തുക.  ദുരന്ത നിവാരണ സംഘങ്ങളുടെ  നിർദേശങ്ങൾക്ക്  സമയാസമയം കാതോർക്കുകയും  കൃത്യമായ് പാലിക്കുകയും ചെയ്യുക .
കഴിഞ്ഞ ദിവസങ്ങളിൽ അനുഭവപ്പെട്ട ഉയർന്ന താപനിലയും ഉയർന്ന അന്തരീക്ഷ ആർദ്രതയും ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്നതിനുള്ള  സാഹചര്യമാണ്.  വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.
വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടങ്ങളിൽ നല്ല നീർ വാർച്ച ഉറപ്പുവരുത്തുക.
മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ,  താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.
വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ  ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.
</td>
</tr>
<tr>
<td>നെല്ല്</td>
<td>പറിച്ചു നട്ടയിടങ്ങൾ</td>
<td>തണ്ടുതുരപ്പൻ<br></td>
<td> ട്രൈക്കോഗ്രാമ്മ മുട്ട കാർഡുകൾ  ഉപയോഗിക്കാവുന്നതാണ് ഒരു ഏക്കറിന്  രണ്ട് . കാർഡുകളാണ് ഉപയോഗിക്കേണ്ടത്
ആക്രമണം ഉണ്ടെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 18.5% W/W SC 3മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക. </td>
</tr>
<tr>
<td>നെല്ല്</td>
<td>പറിച്ചു നട്ടയിടങ്ങൾ</td>
<td>ഓല ചുരുട്ടി പുഴു<br></td>
<td> ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.
ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 1 മില്ലി  10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. </td>
</tr>
<tr>
<td>തെങ്ങ്</td>
<td>വിവിധ ഘട്ടം</td>
<td>കൂമ്പു ചീയൽ<br></td>
<td>കൂമ്പുചീയൽ  ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള  തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും  ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം.</td>
</tr>
</table>

| | | | |
|---|---|---|---|
| കുരുമുളക് | നടീൽ സമയം | വാട്ട രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക..<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| ഇഞ്ചി | വിവിധ ഘട്ടം | ബാക്റ്റീരിയൽ വാട്ടം<br><br> | രോഗബാധയില്ലാത്തിടങ്ങളിൽ നിന്ന് ശേഖരിച്ച വിത്തിഞ്ചി മാത്രം നടാൻ ഉപയോഗിക്കുക. നടുന്നതിനു മുൻപ് വിത്തിഞ്ചി സ്ട്രെപ്റ്റോസൈക്ലിൻ 200 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനിയിൽ മുപ്പതു സെക്കന്റ് നേരം മുക്കുക.<br>കൃഷിയിടങ്ങളിൽ ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br>രോഗം ബാധിച്ച ചെടികൾ മുറിച്ചു വെള്ളത്തിൽ മുക്കിയാൽ മുറിവിൽ നിന്നും നേർത്ത വെളുത്ത ബാക്റ്റീരിയൽ ലായനി നൂലുപോലെ പുറത്തു വരുന്നത് കാണാം. അവ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |
| കശുമാവ് | വിവിധ ഘട്ടം | പൂപ്പൽ രോഗങ്ങൾ | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ പശ ചേർത്ത് ചേർത്ത് തളിക്കുക.<br>രോഗ ലക്ഷണം കാണുകയാണെങ്കിൽ രോഗം ബാധിച്ച കമ്പുകൾ മുറിച്ചു മാറ്റി മുറിച്ച ഭാഗത്തുനിന്ന് 15 സെ, മീ വരെ നീളത്തിൽ പശ ചേർത്ത് തയ്യാറാക്കിയ ബോഡോ കുഴമ്പ് പുരട്ടുക. |

<table>
<tr><td>കവുങ്ങ്</td><td>വിവിധ ഘട്ടം</td><td>തല ചീയൽ/ മഹാളി<br></td><td>1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ 0.5% ബോറക്സും തളിക്കുക<br>ഓരോ കവുങ്ങിൻ തടത്തിലും 1 കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു കവുങ്ങൊന്നിന് തടത്തിൽ 100ഗ്രാം ബോറാക്സ്, 250ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക.</td></tr>
</table>

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി